**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന 187.536MW സ്ഥാപിത ശേഷിയുള്ള പദ്ധതികൾക്കു പുറമേ വിവിധ ജല വൈദ്യുത പദ്ധതികളുടെ പര്യവേഷണം, സാധ്യതാ പഠന റിപ്പോർട്ട് / പ്രാരംഭ പദ്ധതി റിപ്പോർട്ട് (പി.എഫ്.ആർ) / വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) എന്നിവ തയ്യാറാക്കുന്ന ജോലികൾ നടന്നു വരുന്നു.<br><br>വിവിധ ജലവൈദ്യുത പദ്ധതികളായ പാംബ്ല **(10** മെഗാവാട്ട്**)**, ലോവർ പൂഴിത്തോട് **(5.10** മെഗാവാട്ട്**)**, ഗ്രഹാംസ് ലാന്റ് **(5** മെഗാവാട്ട്**)**, ഇടുക്കി ഗോൾഡൻ ജൂബിലി **(800** മെഗാവാട്ട്**)**, ശബരിഗിരി എക്സ്റ്റൻഷൻ സ്കീം **(450** മെഗാവാട്ട്**)**, ലെച്ച്മീ **(240** മെഗാവാട്ട്**)**, ഒറ്റക്കൽ **(4** മെഗാവാട്ട്**)**, താന്നിക്കാവട്ടം **(10** മെഗാവാട്ട്**)**, അരുവിക്കുഴി **(1.5** മെഗാവാട്ട്**)**, മാങ്കുളം സ്റ്റേജ് – **II (40** മെഗാവാട്ട്**)**, ഇടമലയാർ എക്സ്റ്റൻഷൻ **(75** മെഗാവാട്ട്**)**, കീരിത്തോട് **(12** മെഗാവാട്ട്**)** തുടങ്ങിയ പദ്ധതികളുടെ പര്യവേഷണവും, വിശദ പദ്ധതി നിർവ്വഹണ റിപ്പോർട്ടും വിവിധ ഘട്ടങ്ങളിലാണ്**.** കൂടാതെ പൊരിങ്ങൽക്കുത്ത് സ്റ്റേജ്– **II (24** മെഗാവാട്ട്**)**, ആനക്കയം **(7.5** മെഗാവാട്ട്**)**, തുടങ്ങിയ പദ്ധതികളുടെ വിശദ പദ്ധതി നിർവ്വഹണ റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്**.** ഈ പദ്ധതികൾക്ക് ആവശ്യമായ വിവിധ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത് .<br><br>നിലവിൽ പുതിയതായി സ്വകാര്യ സംരംഭകർ മുഖേന ഉള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇനത്തിൽ സ്വന്തം ഭൂമിയിൽ സ്വയം കണ്ടെത്തുന്ന പദ്ധതികൾക്കും**,** തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾ |

| | | | |
|---|---|---|---|
| | | | വഴി കണ്ടെത്തി നടപ്പിലാക്കുന്ന പദ്ധതികൾക്കും ഇ.എം.സി പ്രോത്സാഹനം നൽകിവരുന്നു. |
| (ബി) | പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം അനുമതി ലഭ്യമാകാതെ തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും സമയബന്ധിതമായി അനുമതികൾ നേടിയെടുത്ത് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | നിലവിൽ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം തടസ്സപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br><u>പാത്രക്കടവ് ജലവൈദ്യുത പദ്ധതി</u><br><br>പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ ഭാരതപ്പുഴയുടെ കൈവഴിയായ കുന്തിപ്പുഴയിൽ 105 മെഗാവാട്ട് ശേഷിയുള്ള പവർഹൗസ് നിർമ്മിച്ച് വാർഷിക ഉത്പ്പാദനം 260 Mu ലക്ഷ്യമിടുന്ന പദ്ധതിയാണിത്. പാത്ര ക്കടവ് പദ്ധതിയുടെ Pre feasibility Study നടന്നു വരവെ ടി പദ്ധതി പ്രദേശം വന്യമൃഗ - സംരക്ഷണ കേന്ദ്രത്തിനു ള്ളിൽ ആയതിനാൽ സ്വതന്ത്ര ഏജൻസിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വനം വകുപ്പിൽ നിന്ന് പ്രാഥമിക പഠനത്തിനുള്ള അനുമതി ലഭ്യമാകു എന്ന് അറിയിച്ചിരുന്നു. തുടർന്ന് Director, Wildlife Institute India, Dehradun പ്രസ്തുത പഠനം നടത്തുന്നതിന് സംസ്ഥാന വനംവകുപ്പ് മേധാവി മുഖേന അപേക്ഷിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പഠനത്തിന് അനുമതിയ്ക്കായി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. |
| (സി) | ജലവൈദ്യുത പദ്ധതികൾ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം പദ്ധതികളായി വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പരിഗണനയിലുണ്ട്.<br><br>ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് പവലിയൻ നിർമ്മിച്ച് ലേസർഷോ നടപ്പിലാക്കുന്നതിനുള്ള പദ്ധതി, നാടുകാണി പവലിയൻ നവീകരണ പ്രവൃത്തികൾ നടത്തി വിപുലീകരിക്കുന്നതിനുള്ള പദ്ധതി, വടക്കേപ്പുഴയിൽ പെഡൽ ബോട്ട്, കുട്ടവഞ്ചി തുടങ്ങിയ ബോട്ടിംഗ് സൗകര്യങ്ങൾ ഉൾപ്പെടുത്തി ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള പദ്ധതി, മൂലമറ്റം പവർഹൗസിന്റെ മാതൃകയിൽ ഏകദേശം മൂന്ന് ഏക്കറിൽ മിനിയേച്ചർ നിർമ്മിക്കുന്നതിനുള്ള പദ്ധതി, മൂന്നാർ ഹൈഡൽ പാർക്ക്, വയനാട് ബാണാസുരസാഗർ എന്നിവിടങ്ങളിൽ ഡാമിന്റെ സമീപപ്രദേശങ്ങളിൽ മ്യൂസിക്കൽ ഫൗണ്ടൻ, ഫ്ലൂട്ട് ഗാർഡൻ, ബട്ടർഫ്ലൈ പാർക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാര്യം സജീവ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഹൈഡൽ ടൂറിസം മേഖലയിലെ കൂടുതൽ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പാരിസ്ഥിതികാനുമതികൾ വൈകുന്നതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ടൂറിസം വികസനത്തിന്റെ ഭാഗമായി ഹൈഡൽ ടൂറിസം മേഖലയിൽ കൂടുതൽ സാധ്യതകളെക്കുറിച്ച് പരിശോധിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിയന്ത്രണത്തിൽ പൊരിങ്ങൽകുത്ത്, ഷോളയാർ, വയനാട് ബാണാസുര സാഗർ, കക്കയം, ചെങ്കുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ പുതുക്കി പണിത് വിനോദസഞ്ചാരികൾക്ക് താമസത്തിനായി നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ഡാമുകൾ വനം മേഖലയിലായതിനാൽ കൂടുതൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. മന്ത്രി – ഉദ്യോഗസ്ഥ തലത്തിൽ പലതവണ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടന്നുവെങ്കിലും ഇതുവരെ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. പരിസ്ഥിതി പ്രശ്നം ഉന്നയിച്ച് പൊതുതാൽപ്പര്യ ഹർജി ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന ഇടുക്കി ജില്ലയിലെ ആനയിറങ്കൽ ഡാമിലെ ബോട്ടിംഗ് പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.<br><br>പാരിസ്ഥിതികാനുമതികൾ ലഭിക്കുവാൻ വൈകുന്നത് ഹൈഡൽ ടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് കാലതാമസം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ